"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികവർഗ്ഗ വികസന വകുപ്പ്-ബഹു.പട്ടികജാതി പട്ടിക വർഗ്ഗ വികസന ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ശ്രീ. രാജേന്ദ്രൻ വി-ക്ക് ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടിക ജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്**

സ.ഉ.(സാധാ) നം.434/2026/SCSTD തീയതി, തിരുവനന്തപുരം, 06-07-2026

---

പരാമർശം:- 1. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 29/05/2026 ലെ എസ്.ടി.ഡി.ഡി/749/2026-സി2 നമ്പർ കത്തും അനുബന്ധ രേഖകളും

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിൽ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരനും പട്ടികവർഗ്ഗ ഹിന്ദു - കാണിക്കാരൻ സമുദായാംഗവുമായ ശ്രീ. രാജേന്ദ്രൻ വി, കൊച്ചുകൽപയിൽ വീട്, 348, ചെറുകര, കൂവക്കാട്, കുളത്തുപ്പുഴ, പുനലൂർ, കൊല്ലം എന്നയാൾ ക്യാൻസർ രോഗത്തെ തുടർന്ന് തിരുവനന്തപുരം ആർ സി സി യിൽ ചികിത്സയിലാണെന്നും നിലവിൽ ടിയാന് ചികിത്സ ഇനത്തിൽ 12,560/- രൂപയും മരുന്ന് വാങ്ങിയ ഇനത്തിൽ 51,230/- രൂപയും ആകെ (63790/-രൂപ ) ചെലവായിട്ടുള്ളതായും അത് അനുവദിക്കുന്നതിന് ടിയാൻ പുനലൂർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ മുഖാന്തിരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ശ്രീ. രാജേന്ദ്രൻ വി.ക്ക് ചികിത്സ ഇനത്തിൽ ചെലവു വന്ന തുകയിൽ ₹60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകണമെന്ന് അനുബന്ധ രേഖകൾ സഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. രാജേന്ദ്രൻ വി, കൊച്ചുകൽപയിൽ വീട്, 348, ചെറുകര, കൂവക്കാട്, കുളത്തുപ്പുഴ, പുനലൂർ, കൊല്ലം എന്നയാൾക്ക് ചികിത്സാ ധനസഹായമായി ₹60,000/- രൂപ (അറുപതിനായിരം രൂപ മാത്രം) ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേക്കാവശ്യമായ തുക നടപ്പു സാമ്പത്തിക വർഷത്തെ 2225-02-282-91-പട്ടിക വർഗ്ഗ ആരോഗ്യരക്ഷ (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SINDHU SUKUMARAN

അണ്ടർ സെക്രട്ടറി

1. ശ്രീ. രാജേന്ദ്രൻ വി, കൊച്ചുകൽപയിൽ വീട്, 348, ചെറുകര, കൂവക്കാട്, കുളത്തൂപ്പുഴ, പുനലൂർ, കൊല്ലം
2. ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( A&E, Audit), കേരളം, തിരുവനന്തപുരം
4. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Chithralekha V V
സെക്ഷൻ ഓഫീസർ
Date: 06-07-2026 14:53:22

പകർപ്പ് .-ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്